➪ *വിഭവങ്ങൾ ആരുടേത് എന്ന ചോദ്യവുമായി ചേർത്തുവച്ച് ആ യാഥാർത്ഥ്യത്തെ കാണാം* ➪

## മലമുടി തുരന്ന് മുടിയുന്ന കേരളം

# ആഢംബര സൗധങ്ങളും അടർന്നുവീഴുന്ന ചുവരുകളും

മൂത്താശാരിമാരുടെ പരിചയസമ്പന്നതെ ആശ്ര യിച്ച് വീടുകെട്ടിയിരുന്ന മധ്യവർഗ്ഗ മലയാളികൾ എഞ്ചിനീയറിംഗിന്റെ കമ്പോളയുക്തിക്ക് പണി കൈമാറിയതോടെ സംഭവിച്ചതെന്താണ്? ക്വാറികൾ കൂണുപോലെ മുളച്ചുപൊന്താൻ തുടങ്ങിയതിൽ മൂത്താശാരിയിൽ നിന്നും എഞ്ചിനീയറിലേക്ക് പോയ ആഢംബര മനഃസ്ഥിതിയുടെ പങ്കെന്താണെന്ന് പറയുന്ന 'ഊര് കവരും ഉയിരും' എന്ന ഡോക്യുമെന്ററിയെക്കുറിച്ച് സംസാരിക്കുന്നു.

**യാമിനി പരമേശ്വരൻ**

**ക്വാറികൾ** സൃഷ്ടിക്കുന്ന പ്രശ്നത്തെ വിഭവങ്ങളുടെ ഉപയോഗവും വിഭവങ്ങളുടെ മേൽ തദ്ദേശീയ ജനതയ്ക്കുള്ള അവകാശവുമായി ബന്ധപ്പെടുത്തി ചിത്രീകരിക്കണം എന്ന ഉദ്ദേശത്തോടെയാണ് ഞങ്ങൾ ഈ ഡോക്യുമെന്ററിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. വികസന ആർഭാടങ്ങൾക്കായി പ്രകൃതി വിഭവങ്ങൾ തടസ്സം കൂടാതെ മാർക്കറ്റിൽ എത്തുമ്പോൾ എത്രയോ ജീവിതങ്ങളാണ് തീരാദുരിതങ്ങളിലേക്ക് വീണുപോകുന്നതെന്ന് പൊതുസമൂഹത്തിന്റെ കാഴ്ചയിലേക്ക് എത്തിക്കണമെന്നുണ്ടായിരുന്നു. പാറമടകളിൽ നിന്നുള്ള വിഭവങ്ങൾ ഉപയോഗിച്ച് നടക്കുന്ന വികസനപ്രവർത്തനങ്ങളിലൊന്നും പങ്കാളിത്തം ലഭിക്കാതെ പോകുന്ന ഈ ജനങ്ങൾക്ക് മിക്കപ്പോഴും നമ്മുടെ മാധ്യമങ്ങളിലൊന്നും ഇടം കിട്ടാറില്ല. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നൽകുന്ന വൻകിടക്കാർക്ക് വേണ്ടതിലധികം പരിഗണനകൾ കിട്ടുമ്പോൾ ഇവർ കൂടുതൽ അരികുകളിലേക്ക് മാറ്റപ്പെടുകയാണ്. പക്ഷെ സാമ്പത്തിക വളർച്ചയ്ക്കായി ഉപയോഗിക്കപ്പെടുന്നതെല്ലാം ഈ ദുർബല ജനവിഭാഗത്തിന്റെ തദ്ദേശീയ വിഭവങ്ങളാണ് എന്നതാണ് വിരോധാഭാസം. ആ വൈരുദ്ധ്യത്തെ കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന കെട്ടിടനിർമ്മാണ-ഭവന നിർമ്മാണ സംസ്കാരവുമായി ബന്ധപ്പെടുത്തി വിശദീകരിക്കാനാണ് ഞങ്ങൾ ഡോക്യുമെന്ററിയിലൂടെ ശ്രമിക്കുന്നത്. ഈ ഇരുകൂട്ടരുടെയും ജീവിതം പകർത്തിക്കൊണ്ടാണ് അത് ഡോക്യുമെന്ററിയിൽ പറഞ്ഞിരിക്കുന്നത്. സമ്പന്നരുടെയും ദരിദ്രരുടെയും ജീവിത സങ്കൽപ്പങ്ങളിലും പ്രശ്നങ്ങളിലും പ്രയാസങ്ങളിലും എല്ലാക്കാലത്തും ഈ അന്തരം നിലനിൽക്കുന്നുണ്ടെങ്കിലും വിഭവങ്ങൾ ആരുടേത് എന്ന ചോദ്യവുമായി ചേർത്തുവച്ച് ആ യാഥാർത്ഥ്യത്തെ കാണാനാണ് ശ്രമിച്ചത്.

### വീട് നിർമ്മാണമെന്ന ഹിംസ

വൻകിട ക്വാറികൾക്കും ക്രഷർ യൂണിറ്റുകൾക്കുമെതിരെ കേരളത്തിലെമ്പാടും ജനകീയ സമരങ്ങൾ ഉയർന്നുവരികയാണ്. അത്തരം സമരങ്ങളുമായി ബന്ധപ്പെടാൻ തുടങ്ങിയതോടെയാണ് അവ ചിത്രീകരിക്കുന്നതിനെക്കുറിച്ചും ആലോചിച്ചത്. എന്നാൽ ക്വാറിവിരുദ്ധ സമരങ്ങൾ കേരളത്തിൽ വ്യാപകമായിട്ടും നിർമ്മാണ മേഖലയിൽ കാര്യമായ ഇടപെടലുകളൊന്നും നട

*➪ പ്രാദേശിക വിഭവങ്ങളുപയോഗിച്ച് വീട് നിർമ്മിച്ചാൽ ധനസഹായം ലഭിക്കില്ല ➪*

ക്കാത്ത സ്ഥിതിയാണുള്ളത്. വിഭവങ്ങൾ പരിമിതമാണെന്ന ബോധ്യം പൂർണ്ണമായും നഷ്ടപ്പെട്ട വിധത്തിലാണ് കേരളത്തിൽ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നത്. വീടുകളുടെ എണ്ണത്തിനൊപ്പം ഒരു വീട് നിർമ്മിക്കുന്നതിനായി ഉപയോഗിക്കപ്പെടുന്ന വിഭവങ്ങളുടെ അളവും കൂടുന്നു. അതും അധികവും ആർഭാടങ്ങൾക്ക് വേണ്ടിയാണ് ഉപയോഗിക്കപ്പെടുന്നത്. കുറച്ച് കാലം മുമ്പ് വരെ സമ്പാദ്യത്തിൽ നിന്നൊരു പങ്ക് കരുതിവച്ച് വീടുണ്ടാക്കുന്നവരായിരുന്നു മലയാളികൾ. പണം പരിമിതമായതിനാൽ ആവശ്യങ്ങൾ മാത്രം നിറവേറ്റപ്പെടുന്ന തരത്തിലായിരുന്നു വീടുകളും നിർമ്മിക്കപ്പെട്ടിരുന്നത്. നാട്ടിലുള്ള കൽപ്പണി ചെയ്തിരുന്ന ആശാരിമാരെ വിളിച്ചാണ് വീടുപണി നടത്തിയിരുന്നത്. ഇന്ന് നിർമ്മാണ മേഖല പൂർണ്ണമായും കോൺട്രാക്ടർമാരുടെ നിയന്ത്രണത്തിലാണ്. നിർമ്മാണത്തിന് തടസ്സം വരാത്തതരത്തിൽ എല്ലാ വിഭവങ്ങളും അവർ എങ്ങനെയെങ്കിലും ലഭ്യമാക്കി ആർഭാടത്തിന് വേണ്ട സൗകര്യങ്ങളെല്ലാമൊരുക്കും. ആർട്ടിസാൻ നിർമ്മാണ രീതിയിൽ നിന്നും കമ്മോഡിറ്റി രീതിയിലേക്ക് കേരളം മാറ്റപ്പെട്ടിരിക്കുന്നു. തടസ്സം കൂടാതെ വീട് പണിക്ക് വേണ്ട സാധനങ്ങൾ വീട്ടിലെത്തണമെന്ന കേരളത്തിലെ മധ്യവർഗ്ഗത്തിന്റെ മനോഭവമാണ് ക്വാറികൾ വർദ്ധിക്കാനുള്ള ഒരു കാരണമെന്ന് ഉറക്കെപ്പറയേണ്ട സമയമാണിത്. പല തരത്തിലുള്ള വൻകിട വികസനാവശ്യങ്ങൾക്കായി പാറ പൊട്ടിക്കപ്പെടുന്നുണ്ട് എന്നത് വസ്തുതയായിരിക്കെ വീട് നിർമ്മാണത്തിന്റെ കാര്യത്തിൽ വളർന്നുവരുന്ന സംസ്കാരത്തെ വിമർശനാത്മകമായി കാണാതിരിക്കാൻ കഴിയില്ല. അതിവേഗപാതകളും ഷോപ്പിംഗ് മാളുകളും ഒക്കെ ആവശ്യപ്പെടുന്ന മനോഭാവത്തിന്റെ തുടക്കം സ്വന്തം വീടിന്റെ നിർമ്മാണത്തിൽ നിന്നുമാണ്. സർക്കാർ നടത്തുന്ന ഭവനിർമ്മാണ പദ്ധതികളുടെ സ്വഭാവവും മാറിയിരിക്കുകയാണ്. നിർമ്മാണ സാമഗ്രികൾ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ ജനങ്ങൾക്ക് സർക്കാർ സ്വാതന്ത്ര്യം നൽകുന്നില്ല. ഓട് വീട് നിർമ്മിക്കാൻ ധനസഹായം നൽകില്ല. കോൺക്രീറ്റ് തന്നെ വേണമെന്ന് നിർബന്ധമാണ്. പ്രാദേശിക വിഭവങ്ങളുപയോഗിച്ച് വീട് നിർമ്മിച്ചാൽ ധനസഹായം ലഭിക്കില്ല. പാലക്കാട് ജില്ലയിലെ പല സ്ഥലങ്ങളിലും പനയോലകൊണ്ട് വീടിന് മേൽക്കൂരയൊരുക്കാൻ ആഗ്രഹിക്കുന്നവരെ ഞങ്ങൾ കണ്ടിട്ടുണ്ട്. നന്നായി ഈട് നിൽക്കുന്ന ഒന്നാണ് പനയോല. കോൺക്രീറ്റിന്റെ ചൂടും ഉണ്ടാകില്ല. പക്ഷെ അത്തരം തദ്ദേശീയ വസ്തുക്കൾ ഉപയോഗിക്കുന്ന നിർമ്മാണ



രീതികളെല്ലാം സർക്കാർ കാഴ്ചപ്പാടിൽ അശാസ്ത്രീയമാണ്.

ധനകാര്യ സ്ഥാപനങ്ങളെല്ലാം ഇന്ന് പ്രധാനമായും നിലനിൽക്കുന്നത് ഹൗസിംഗ് ലോൺ കൊടുത്തിട്ടാണ്. കേരളത്തിൽ പുതിയതായി ആരംഭിച്ച നിരവധി സ്വകാര്യ ധനകാര്യസ്ഥാപനങ്ങളുടെ മുഖ്യപരിപാടി വീട് വയ്ക്കാൻ കടം കൊടുക്കലാണ്. സ്ഥിരവരുമാനം ഉറപ്പാക്കാൻ കഴിയുന്ന ആർക്കും അത്യന്താധുനിക സൗകര്യങ്ങളുള്ള വീട് സ്വന്തമാക്കാൻ സുഗമമായി കഴിയും. ഡോക്യുമെന്ററിയിൽ അക്കാര്യം വ്യക്തമാക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. സാമാന്യം ആഡംബരമുള്ള വീട് പണിയുന്ന തങ്കച്ചൻ എന്ന വ്യക്തി ഡോക്യുമെന്ററിയിൽ സംസാരിക്കുന്നുണ്ട്.

ആഡംബരങ്ങൾക്കായി വീടുകൾ പണിതവരല്ല അവർ. കേറിക്കിടക്കാൻ കഷ്ടപ്പെട്ടുണ്ടാക്കിയ ആ വീടുകളിലെല്ലാം സ്ഫോടനങ്ങൾ വിള്ളലുകൾ തീർത്തുകൊണ്ടിരിക്കുകയാണ്. മാളികകൾ കെട്ടിപ്പൊക്കാനുള്ള കല്ലിനായി കാശ് എത്രവേണെങ്കിലും മുടക്കാൻ ശ്രമിക്കുമ്പോൾ വിണ്ടുകീറുന്ന ഈ വീടുകളെക്കുറിച്ച് ഓർക്കുന്നത് നല്ലതാണ്.

അദ്ദേഹം പണിയുന്ന വീടിന്റെ ചിലവ് രണ്ട് കോടിയിൽ അധികം വരും. അതിൽ ഒരു കോടിയും ബാങ്ക് ലോണാണ്. തങ്കച്ചന്റെ അനുഭവം കേരളത്തിന്റെ പൊതു അനുഭവമായി മാറിക്കൊണ്ടിരിക്കുകയാണ്.

**നഗരങ്ങളിലേക്ക് പോകുന്ന മലകൾ**

അനിയന്ത്രിതമായ നഗരവത്കരണത്തിന്റെ പ്രശ്നത്തെയും ഞങ്ങൾ പരാമർശിക്കുന്നുണ്ട്. നഗരങ്ങളിലെല്ലാം നടക്കുന്ന പ്രധാന കർമ്മപരിപാടി കെട്ടിട നിർമ്മാണമാണ്. സൃഷ്ടിപരമായതൊന്നും നഗരം സമൂഹത്തിന് സംഭാവന ചെയ്യുന്നില്ലെങ്കിലും ധാരാളം കെട്ടിടങ്ങൾ നിർമ്മിക്കുന്നുണ്ട്. അതിൽ ബഹുഭൂരിപക്ഷവും വൻ തോതിലുള്ള ഉത്പാദന പ്രവർത്തനങ്ങൾക്കായി നഗരത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നവർക്കുള്ള ഫ്ളാറ്റുകളാണ്. വാഷിംഗ്ടൺ കൺസെൻസസ് സാമ്പത്തിക മാതൃക പിന്തുടർന്നുകൊണ്ടാണ് ഇവിടെ നഗര വികസനം നടക്കുന്നത്. പൊതുവിന്റെ സ്വകാര്യവത്കരണവും വിപണി മൗലികവാദവുമാണ് അതിന്റെ അടിസ്ഥാനങ്ങൾ. വികസനത്തെക്കുറിച്ചുള്ള ഈ സങ്കൽപ്പം കാർന്നുതിന്നുന്ന ഗ്രാമങ്ങളിലൂടെയാണ് ഡോക്യുമെന്ററിയുടെ ഭാഗമായി ഞങ്ങൾ സഞ്ചരിച്ചത്. നഗരം നിർമ്മിക്കുന്നതിനായി അവിടെ നിന്നും എടുത്തുപോകുന്ന വിഭവങ്ങളൊന്നും പുനർനിർമ്മിക്കാൻ കഴിയാത്തവയാണ്. കഞ്ചിക്കോട് ഇത്തരം നിർമ്മാണ സാമഗ്രികൾ വിൽക്കുന്നതിനുള്ള ഒരു വലിയ വ്യവസായ പാർക്ക് കിൻഫ്ര നിർമ്മിക്കാൻ പോകുന്നതായി വാർത്തയുണ്ടായിരുന്നു. കേരളത്തിന്റെ വികസനാവശ്യങ്ങൾക്ക് മുടക്കമില്ലാതെ നിർമ്മാണ സാമഗ്രികൾ എത്തിക്കുകയാണ് ലക്ഷ്യം. ക്വാറികൾ ഇനിയും ഏറെ വരാനിരിക്കുന്നതിന്റെ സൂചനയാണിത്. നിർമ്മാണ മേഖലയ്ക്ക് വേണ്ട അടിസ്ഥാന വസ്തുക്കളായ കല്ല്, മെറ്റൽ, എം സാൻഡ് എന്നിവ ക്വാറികളെ മാത്രമാണല്ലോ ആശ്രയിക്കുന്നത്.

ദുരിതബാധിതരുടെ വീക്ഷണങ്ങളിലൂടെ ഇക്കാര്യം പറയാൻ ശ്രമിച്ചിരിക്കുന്നതിനാൽ അവരുടെ ദൈനംദിന ജീവിതത്തെയും ഞങ്ങൾ പകർത്തിയിട്ടുണ്ട്. ക്വാറികൾ നീർച്ചാലുകളുടെ സഞ്ചാരപാതകളെ മുറിച്ചതോടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ജലലഭ്യതയുടെ കുറവാണ് അവരുടെ ജീവിതത്തെ പ്രധാനമായും ബാധിച്ചിരിക്കുന്ന ഒരു പ്രശ്നം. ഖനന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രത്യക്ഷദുരിതങ്ങൾ അതിലേറെ. മല തുരക്കപ്പെട്ട സ്ഥലങ്ങളിൽ എന്നുവേണമെങ്കിലും സംഭവിക്കാനിടയുള്ള മലയിടിച്ചിലും ഭൂചലനവും പോലെയുള്ള അപ്രതീക്ഷിത അത്യാഹിതങ്ങളുടെ ഭീതി വേറെയും. നെഞ്ചു പൊട്ടുന്നപേലെ തോന്നുന്ന സ്ഫോടനങ്ങളിൽ മിക്ക വീടുകളും തകർന്നുകൊണ്ടിരിക്കുകയാണ്. ആഡംബരങ്ങൾക്കായി വീടുകൾ പണിതവരല്ല അവർ. കേറിക്കിടക്കാൻ കഷ്ടപ്പെട്ടുണ്ടാക്കിയ ആ വീടുകളിലെല്ലാം സ്ഫോടനങ്ങൾ വിള്ളലുകൾ തീർത്തുകൊണ്ടിരിക്കുകയാണ്. മാളികകൾ കെട്ടിപ്പൊക്കാനുള്ള കല്ലിനായി കാശെത്രവേണെങ്കിലും മുടക്കാൻ ശ്രമിക്കുമ്പോൾ വിണ്ടുകീറുന്ന ഈ വീടുകളെക്കുറിച്ച് ഓർക്കുന്നത് നല്ലതാണ്. ഓർമ്മയിലേക്ക് അത്തരം ചിത്രങ്ങളെ എത്തിക്കാൻ ഡോക്യുമെന്ററി ശ്രമിക്കുന്നുണ്ട്.

**എന്തുകൊണ്ട് പാലക്കാട്?**

പാലക്കാട് ജില്ലയിലെ രണ്ട് ക്വാറി വിരുദ്ധ സമരങ്ങളെ കേന്ദ്രീകരിച്ചാണ് ഡോക്യുമെന്ററി നിർമ്മിച്ചിരിക്കുന്നത്. മുതലമടയിലും വടക്കഞ്ചേരിക്കടുത്ത് അമ്പിട്ടൻതരിശ്ശിലും നടക്കുന്ന സമരങ്ങൾ. പാലക്കാട് ജില്ല തിരഞ്ഞെടുക്കാൻ ചില കാരണങ്ങളുണ്ട്. കേരളത്തിൽ വളരെയധികം പിന്നോക്കാവസ്ഥ നിലനിൽക്കുന്ന ജില്ലയാണ് പാലക്കാട്. കേരള

⇨ *പ്രകാശസംശ്ലേഷണ ശേഷി നഷ്ടപ്പെട്ട് മാവ് കരിഞ്ഞുണങ്ങുന്നതിന് ഇത് കാരണമാകുന്നു* ⇨

ത്തിലെ നഗരവത്കരണത്തിന്റെ തോത് പരിശോധിക്കുമ്പോൾ പാലക്കാടിന്റേത് 60 ശതമാനത്തിൽ താഴെയാണ്. കൃഷി ഉപജീവനമാർഗ്ഗമായിരിക്കുന്നവർ കൂടുതലുള്ള ജില്ലയാണ് പാലക്കാട്. ഞങ്ങൾ തിരഞ്ഞെടുത്ത ഈ രണ്ട് ക്വാറി വിരുദ്ധ സമരങ്ങളും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ തിങ്ങിപ്പാർക്കുന്ന ഗ്രാമങ്ങളിലാണുള്ളത്. സ്വന്തമായി ഭൂമിയും വീടുമില്ലാത്ത ആദിവാസി-ദളിത് വിഭാഗങ്ങളും അവിടെ ഏറെയുണ്ട്. അവർക്ക് ജീവനോപാധികൾ കണ്ടെത്താൻ മാർഗ്ഗമില്ലാതാവുകയും അവരെ ഇടിച്ചുവീഴ്ത്തിആ വഴികളിലൂടെ ടിപ്പറുകൾ നഗരങ്ങളെ ലക്ഷ്യമാക്കി കുതിക്കുകയും ചെയ്യുന്നത് പതിവായിത്തീർന്നിരിക്കുന്നു. മുതലമടയിലെ മൂച്ചംകുണ്ട് ഫൈവ് സ്റ്റാർ കമ്പനിയുടെ ക്വാറിയുടെ സമീപത്ത് താമസിക്കുന്നവരിൽ ഏറെയും ആദിവാസികളാണ്. എ-വൺ, ഫൈവ് സ്റ്റാർ തുടങ്ങിയ വൻകിട ക്വാറികൾ ഇപ്പോൾ പൊട്ടിച്ചുകൊണ്ടിരിക്കുന്ന മലനിരകൾക്കും മേലെ പറമ്പിക്കുളം വനമേഖലയോട് ചേർന്ന ജീവിച്ചിരുന്നവരാണ് അവർ. വർഷങ്ങൾക്ക് മുമ്പുണ്ടായ അതിശക്തമായ ഉരുൾപൊട്ടലിനെത്തുടർന്ന് നിരവധി പേർ ആ മേഖലയിൽ മരണപ്പെട്ടിരുന്നു. ഉപജീവനമാർഗ്ഗങ്ങൾ നഷ്ടപ്പെട്ട് അങ്ങനെയാണ് അവർ മലയിറങ്ങുന്നത്. 1960കളിൽ ചുള്ളിയാർ ഡാം നിർമ്മിക്കുന്നതിന്റെ ഭാഗമായുള്ള പണികൾക്കായും പലരും മൂച്ചംകുണ്ട് മേഖലയിൽ വന്ന് താമസമാക്കി. ഇരവാളർ സമുദായത്തിൽപ്പെട്ട ആദിവാസികളാണ് അവർ. ജലലഭ്യത വളരെയധികം കുറവുള്ള മേഖലയാണ് മുതലമട. ഇവർ കൃഷിചെയ്യുന്നത് പ്രധാനമായും ചുള്ളിയാർ ഡാമിൽ നിന്നുള്ള ജലസേചനത്തെ ആശ്രയിച്ചാണ്. പക്ഷെ ചുള്ളിയാർ ഡാമിലേക്ക് വെള്ളമെത്തുന്ന പ്രധാന നീരുറവകളുള്ള സ്ഥലത്താണ് ഇപ്പോൾ വലിയ ക്വാറികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഡാം പഴയ പോലെ ഇപ്പോൾ നിറയാറില്ല. ജലസേചന ആവശ്യങ്ങൾക്ക് വെള്ളം കിട്ടാതെയായതോടെ കൃഷി വരണ്ടുണങ്ങുന്നത് മുതലമടയിലും സമീപ പഞ്ചായത്തുകളിലും പതിവായിരിക്കുന്നു. മലമുകളിൽ താമസിച്ചിരുന്ന കാലത്ത് കടലയും മുതിരയും ചെറുപയറും ഉൾപ്പെടെ വൈവിദ്ധ്യമുള്ള വിഭവങ്ങൾ കൃഷിചെയ്തിരുന്നവരാണ് ഇവർ. ഇന്ന് നെൽകൃഷി ചെയ്യാൻ പോലും സാധിക്കാത്തവിധം ആ പ്രദേശം മാറിയിരിക്കുന്നു. അതോടെ കുടിവെള്ളവും മുട്ടി. അടുത്തകാലം വരെ കാർഷിക മേഖലയ്ക്ക് വലിയ സേവനങ്ങൾ ചെയ്തിരുന്ന പ്രദേശമാണ് മുതലമട. നെല്ലും പച്ചക്കറിയും പോലെ തന്നെ മാങ്ങയും ഒരു പ്രധാന വിഭവമായിരുന്നു. കഴിഞ്ഞ ഒന്നുരണ്ട് വർഷങ്ങളായി മുതലമടയിൽ മാങ്ങയുടെയും വിളവ് കുറഞ്ഞിരിക്കുകയാണ്. ക്വാറിക്ക് സമീപമുള്ള മാന്തോപ്പുകളിലെ മാവിലകളെല്ലാം പാറപ്പൊടിയിൽ കുളിച്ചുകിടക്കുകയാണ്. പ്രകാശസംശ്ലേഷണ ശേഷി നഷ്ടപ്പെട്ട് മാവ് കരിഞ്ഞുണങ്ങുന്നതിന് ഇത് കാരണമാകുന്നുണ്ട്. ക്വാറികൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളിൽ ഇനിയും വേണ്ടത്ര പരിഗണിക്കപ്പെടാത്ത ഒരു വിഷയമാണിത്.

വടക്കഞ്ചേരിയിൽ മംഗലം ഡാമിനടുത്തുള്ള അമ്പിട്ടൻതരിശ്ശിലെ ക്വാറി വിരുദ്ധ സമരം തിരഞ്ഞെടുത്തതിന് പിന്നിലെ കാരണങ്ങളും മുതലമടയിലേതിന് സമാനമാണ്. വർഷങ്ങൾക്ക് മുമ്പ് ഒരുപാട് നീർച്ചാലുകളുണ്ടായിരുന്ന മംഗലം ഡാമിന്റെ വൃഷ്ടിപ്രദേശമായിരുന്നു അമ്പിട്ടൻതരിശ്ശ്. ഇന്നവിടെ രണ്ട് കിലോമീറ്റർ ചുറ്റളവിനുള്ളിൽ വലിയ രണ്ട് ക്വാറികൾ കാണാം. തുരന്നുതീരായ കുറേ കുന്നുകളും. വെള്ളത്തിന്റെ ഒരു കണിക പോലും എവിടെയുമില്ല. ജലസാന്നിധ്യം നഷ്ടമായതോടെ നെൽക്കൃഷിയിൽ നിന്നും പലരും റബ്ബർകൃഷിയിലേക്ക് തിരിഞ്ഞു. അതോടെ വെള്ളമെന്നത് അമ്പിട്ടൻതരിശ്ശിൽ അപൂർവ്വവിഭവമായിത്തീർന്നു. ലോറിയിൽ വെള്ളമെത്തിക്കാൻ പ്രയാസമുള്ള സ്ഥലമാണത്. അവിടെയുമുണ്ട് 28 ആദിവാസി വീടുകൾ. സമീപത്തുള്ള കാടുകളിൽ നിന്നും പലതരം പച്ചമരുന്നുകൾ ശേഖരിച്ച് അങ്ങാടിയിൽ വിറ്റ് ജീവിച്ചിരുന്നവരാണവർ. നന്നാറി മാത്രമാണ് ഇന്ന് കിട്ടാനുള്ളതെന്ന് അവർ ഞങ്ങളോട് സങ്കടം പറഞ്ഞു. പാരിസ്ഥിതിക ചൂഷണം പ്രകൃതിവിഭങ്ങളെ ആശ്രയിച്ച് ജീവിച്ചിരുന്നവരുടെ അവകാശങ്ങളെ കവർന്നെടുക്കുന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് അമ്പിട്ടൻതരിശ്ശ്. സ്ത്രീകൾ പരമ്പരാഗതമായി വെള്ളമെടുക്കാൻ പോയിരുന്ന വഴി ക്വാറിക്കാർ അടച്ചതുപോലെയുള്ള പച്ചയായ നിയമലംഘനങ്ങൾ ഞങ്ങൾ ഡോക്യുമെന്ററിയിൽ കാണിക്കുന്നുണ്ട്.

**ഭീഷണിയുടെ പല രൂപങ്ങൾ**

കൂടംകുളം സമരത്തിനെതിരെ ഞങ്ങൾ മുമ്പ് ഒരു ഡോക്യുമെന്ററി ചെയ്തിരുന്നു. അത് നേരിട്ട് ഭരണകൂടത്തിന് എതിരെയുള്ള സമരമായിരുന്നു. ഭരണകൂടത്തിന്റെ ഭാഗത്ത് നിന്നുള്ള അടിച്ചമർത്തലുകളെയായിരുന്നു അവർക്ക് നേരിടേണ്ടി വന്നിട്ടുള്ളത്. എന്നാൽ മൂച്ചംകുണ്ട്-അമ്പിട്ടൻതരിശ്ശ് സമരങ്ങൾ വില

യിരുത്തിയപ്പോൾ, ക്വാറിവിരുദ്ധ സമരങ്ങൾ ഭരണത്തിൽ നിന്നുമാത്രമല്ല മാഫിയയിൽ നിന്നുകൂടി ഭീഷണികളെ നേരിടുന്നതായാണ് കാണാൻ കഴിഞ്ഞത്. സമരത്തിൽ നിന്നും പലരും പിൻവാങ്ങുന്നതിനും പല സമരങ്ങളുടെയും ഊർജ്ജം കുറഞ്ഞുപോകുന്നതിനും ഇത് കാരണമായിട്ടുണ്ട്. പലപ്പോഴും ഭീഷണിയുടെ രൂപത്തിലും മറ്റ് ചിലപ്പോൾ നേരിട്ടുള്ള അക്രമത്തിന്റെ രൂപത്തിലും മാഫിയകളെ മിക്ക ക്വാറിവിരുദ്ധ സമരങ്ങൾക്കും നേരിടേണ്ടിവരുന്നുണ്ട്. മൂച്ചംകുണ്ടിലും അമ്പിട്ടൻതരശ്ശിലും അത് സമാനമായ രീതിയിൽ സംഭവിക്കുന്നുണ്ട്. കേരളത്തിൽ പലയിടത്തുനിന്നും നമുക്ക് അത്തരം വാർത്തകൾ കേൾക്കാൻ കഴിയുന്നുണ്ട്. ഒരു വലിയ വീടുവയ്ക്കുമ്പോൾ സമാന്തരമായി നിങ്ങൾ ഒരു വലിയ മാഫിയയെക്കൂടിയാണ് വളർത്തുന്നതെന്ന് ഓർക്കണം.

## ദിവ്യയ്ക്ക് വീട് കിട്ടുമോ?

എന്നിട്ടും പുരുഷന്മാരേക്കാളേറെ സ്ത്രീകൾ ഈ സമരങ്ങളുടെ മുൻനിരയിൽ അണിനിരക്കുന്നു എന്നത് സന്തോഷകരമായ കാര്യമാണ്. സ്ത്രീകൾക്കാണ് ക്വാറികളുണ്ടാക്കുന്ന ദുരിതങ്ങൾ മുഖ്യമായും നേരിടേണ്ടിവരുന്നത്. വെള്ളമില്ലാതാകുന്നതിന്റെ ബുദ്ധിമുട്ട് അവർക്കാണ് കൂടുതൽ മനസ്സിലാകുന്നത്. പാറപ്പൊടി കാരണം കുട്ടികൾക്കുണ്ടാകുന്ന വിട്ടുമാറാത്ത രോഗങ്ങൾ അവരെയാണ് കൂടുതൽ അലട്ടുന്നത്. ആ സഹനങ്ങളാകാം അവരുടെ സമരവീര്യം കൂട്ടുന്നതും. അമ്പിട്ടൻതരിശ്ശിലെ ദിവ്യ എന്ന പെൺകുട്ടിയുടെ കഥ ഞങ്ങളെ വല്ലാതെ അലട്ടിയ ഒന്നാണ്. അവിടെത്തന്നെ ജനിച്ചുവളർന്നയാളാണ് ദിവ്യ. അച്ഛനും അമ്മയും മരിച്ചു. കല്യാണം കഴിച്ച ഒരു ചേച്ചിയും അപസ്മാര രോഗിയായ അനുജനും മാത്രമാണ് ദിവ്യയോടൊപ്പമുള്ളത്. അവർക്ക് സ്വന്തമായി വീടില്ല. വാടകയ്ക്ക് താമസിക്കുന്ന ക്വാറിയോട് ചേർന്നുള്ള മണ്ണുവീട് ഉഗ്രസ്ഫോടനങ്ങൾ കാരണം തകർന്നുകൊണ്ടിരിക്കുകയാണ്. വീട് ലഭിക്കുന്നതിനായുള്ള പദ്ധതികളിലെല്ലാം (ഇ.എം.സ്-ഇന്ദിരാ ആവാസ്) ദിവ്യ അപേക്ഷിച്ചിരുന്നു. കുടുംബത്തിന്റെ രൂപമില്ലാത്തതിനാൽ അപേക്ഷ സ്വീകരിക്കാൻ കഴിയില്ലെന്നും കുടുംബങ്ങൾക്ക് മാത്രമെ വീട് നൽകാൻ കഴിയുകയുള്ളൂ എന്നും പറഞ്ഞ് അധികൃതരെല്ലാം ദിവ്യയുടെ അപേക്ഷ തള്ളിക്കളഞ്ഞു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി പാലക്കാട് ജില്ലയിൽ വന്നപ്പോൾ ദിവ്യ വീടിനായി അപേക്ഷിച്ചു. അദ്ദേഹം വീട് അനുവദിക്കുകയും ചെയ്തു. എന്നാൽ ഉദ്യോഗസ്ഥർ പഴയ നിലപാട് തന്നെ തുടർന്നു. വേണമെങ്കിൽ ചേച്ചിയുടെയും ഭർത്താവിന്റെയും പേരിൽ (അവർ കുടുംബഘടനയിലുള്ളവരായതിനാൽ) വീട് തരാമെന്ന് പറഞ്ഞു. പക്ഷെ ശരിക്കും ദിവ്യക്കും അനിയനുമാണ് വീട് അടിയന്തിരമായി വേണ്ടത്. എപ്പോൾ വേണമെങ്കിലും ഒരു വലിയ പാറക്കഷ്ണം പൊട്ടിച്ചിതറിയെത്താവുന്ന ദൂരത്ത്, ഇടിഞ്ഞുപൊളിഞ്ഞ വീട്ടിൽ അവർ ജീവിതം തുടരുകയാണ്. വ്യവസ്ഥാപിത



വിള്ളൽ കാരണം ഉപയോഗിക്കാൻ കഴിയാതെയായ ഒരു വീട്

മായ കുടുംബഘടന പോലും വീട് അനുവദിക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ടെന്നത് ലജ്ജിക്കേണ്ട കാര്യമാണ്.

**എന്താണ് പോലീസിന്റെ തൊഴിൽ?**

ഭരണകൂടത്തിന്റെ പരിഗണനകളിൽ നിന്നും പുറത്താക്കപ്പെട്ടിരിക്കുന്ന ഈ ജനസമൂഹങ്ങളോട് ഏറ്റവും നീതിരഹിതമായി പെരുമാറുന്ന സർക്കാർ സംവിധാനം പോലീസാണ്. ക്വാറി സമരങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ സ്റ്റേറ്റിനും മാഫിയകൾക്കും വേണ്ടി പോലീസ് ഒരുപോലെ സേവനം ചെയ്യുന്നതായാണ് ഞങ്ങൾക്ക് മനസ്സിലായത്. ക്വാറികളിൽ നിന്നും പാറയും മണലും നീക്കം ചെയ്യുന്നത് ജനങ്ങൾ തടയുമെന്ന് പറയുമ്പോൾ എത്ര ആർജ്ജവത്തോടെയാണ് പോലീസ് ടിപ്പറുകൾക്ക് കാവൽ നിൽക്കുന്നത്. ആ ദൃശ്യം ഞങ്ങൾ ഡോക്യുമെന്ററിയിൽ കാണിച്ചിട്ടുണ്ട്. മുതലമടയിലെ ഫൈവ് സ്റ്റാർ ഗ്രൂപ്പിന്റെ ക്രഷർ യൂണിറ്റിൽ നിന്നും എം സാന്റുമായി പോകുന്ന ലോറികൾക്ക് മുതലമട, കൊല്ലങ്കോട്, നെമ്മാറ സ്റ്റേഷനുകളിൽ നിന്നുള്ള പോലീസുവണ്ടികളാണ് എസ്കോർട്ട് പോകുന്നത്. അമ്പിട്ടൻതരിശ്ശിൽ ടിപ്പർ ലോറിയിടിച്ച് ഒരു പെൺകുട്ടി മരിച്ചപ്പോൾ നടപടിയെടുക്കുന്ന കാര്യത്തിൽ ഇതിന്റെ ഒരംശം പോലും ശുഷ്കാന്തി പോലീസിനുണ്ടായിരുന്നില്ല. ഡോക്യുമെന്ററി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്ഥിരമായി അമ്പിട്ടൻതരിശ്ശിലെ കോളനികൾ സന്ദർശിച്ചപ്പോൾ ഞങ്ങൾ മാവോയിസ്റ്റുകളാണെന്നും സൂക്ഷിക്കണമെന്നും പോലീസ് നാട്ടുകാർക്കിടയിൽ പറഞ്ഞു പരത്തി. മാവോയിസ്റ്റ് സ്വാധീനമുള്ള മേഖലകളിൽ ഒട്ടിക്കാറുള്ള ലുക്ക്ഔട്ട് നോട്ടീസ് കോളനികളിലെ വീടുകളിൽ പതിപ്പിച്ചു. സമരക്കാരോട് ഭീഷണിയുടെ സ്വരത്തിൽ സംസാരിച്ചു. പുറത്തുനിന്നെത്തുന്നവരെയെല്ലാം സ്ഥിരമായി വീഡിയോയിൽ പകർത്തി. അങ്ങനെ പലവിധത്തിലും പോലീസ് അവിടെ ഭീതിവിതച്ചു. സമരത്തിന് പുറത്ത് നിന്നും ലഭിക്കുന്ന പിന്തുണകളെ ബോധപൂർവ്വം തടയുക എന്ന ഉദ്ദേശത്തോടെയാണ് പോലീസ് ഇത്തരത്തിൽ ഇടപെടുന്നത്. ഡോക്യുമെന്ററി നിർമ്മാണവുമായി ബന്ധപ്പെട്ട് കോളനികളിൽ ചെന്നപ്പോൾ ജനങ്ങൾ ഞങ്ങളെ അവിശ്വസിക്കുന്നതിന് ഇത്തരം ഇടപെടലുകൾ കാരണമായിട്ടുണ്ട്. നിരന്തരം അവിടെപ്പോവുകയും അവരുമായി സംസാരിക്കുകയും ചെയ്ത ശേഷമാണ് ഞങ്ങളോട് സഹരിക്കാൻ കോളനിക്കാർ തയ്യാറായത്. ക്യാമറ ഉപയോഗിക്കുന്ന രണ്ടുകൂട്ടർ, മാധ്യമങ്ങളും പോലീസും അവർക്കെതിരാണ് എന്നവർക്കറിയാമായിരുന്നു. അതും ക്യാമറയായെത്തിയ ഞങ്ങൾക്ക് പ്രതിസന്ധി സൃഷ്ടിച്ചിരുന്നു.

മുതലമടയിൽ ഭാഷാപരമായ പീഡനവും പോലീസ് നടത്തുന്നുണ്ട്. മലയാളം മനസ്സിലാകുമെങ്കിലും തമിഴ് മാത്രം സംസാരിക്കാൻ അറിയുന്നവരാണ് മൂച്ചംകുണ്ട് കോളനിയിലുള്ളവർ. അവർ പോലീസുകാരോട് പരാതി പറയാറുള്ളത് തമിഴിലാണ്. നിവേദനം എഴുതാറുള്ളതും തമിഴിലാണ്. ഒന്നും മനസ്സിലാകുന്നില്ലെന്ന് ആക്ഷേപിച്ച് ഇത് പോലീസുകാർ തള്ളിക്കളയാറുണ്ടെന്ന് മൂച്ചംകുണ്ട് കോളനിനിവാസികൾ ഞങ്ങളോട് പരാതിപറഞ്ഞു. ആവശ്യമില്ലാതെ കേസെടുത്തും പോലീസ് പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. സമരം കണ്ട് വഴിയിൽ നിന്നവർക്കെതിരെ പോലും മുതലമടയിൽ കേസെടുത്തിട്ടുണ്ട്.

പഞ്ചായത്ത് ഉൾപ്പെടെയുള്ള പ്രാദേശിക ഭരണസംവിധാനങ്ങളും ജനവിരുദ്ധമായാണ് ഈ സ്ഥലങ്ങളിൽ പെരുമാറുന്നത്. മുതലമടയിൽ നിരവധി ക്വാറികൾ പ്രവർത്തിക്കുന്ന ഒരു വാർഡിലെ മെമ്പർ തമിഴ്നാട്ടിൽ വിവാഹം കഴിച്ചു പോയതിനാൽ അവിടെ ഗ്രാമസഭ ഏറെ നാളായി ചേരാറില്ല. അതുകൊണ്ട് തന്നെ നാട്ടുകാർക്ക് ക്വാറിക്കെതിരെ ഗ്രാമസഭയിൽ ഒരു പ്രമേയം കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. മെമ്പർ വരാത്തതിനെതിരെ പഞ്ചായത്ത് ഡയറക്ട്രേറ്റിൽ പരാതി നൽകിയിട്ടും നടപടികളൊന്നുമുണ്ടായിട്ടില്ല. ജനങ്ങൾക്ക് അത്തരം സംവിധാനങ്ങളിലൊന്നും വിശ്വാസമില്ലാത്ത അവസ്ഥ ഈ പ്രദേശങ്ങളിൽ നിലനിൽക്കുന്നുണ്ട്. സർക്കാർ സംവിധാനങ്ങളുടെ അപര്യാപ്തതയെ മുതലെടുക്കാൻ ക്വാറി മാഫിയ ശ്രമിക്കുന്നുണ്ട്. മൂച്ചംകുണ്ട് കോളനിയിലുള്ളവർക്ക് വീട് നിർമ്മിച്ചു നൽകുന്നതുമുതൽ ആഘോഷദിവസങ്ങളിൽ സദ്യക്കിറ്റ് വിതരണം ചെയ്യുന്നതടക്കമുള്ള പരിപാടികൾ ക്വാറി മുതലാളിമാർ അവിടെ പരീക്ഷിക്കുന്നുണ്ട്.

**പ്രദർശനങ്ങൾ**

കേരളത്തിന്റെ പല ഭാഗങ്ങളിൽ ഡോക്യുമെന്ററി പ്രദർശിപ്പിക്കുന്നതിനുള്ള ശ്രമമാണ് ഇപ്പോൾ നടത്തുന്നത്. പശ്ചിമഘട്ട സംവാദ യാത്രയുടെ ഭാഗമായി പല ജില്ലകളിലും പ്രദർശനം നടത്തിയിരുന്നു. പ്രത്യേകിച്ച് ക്വാറി വിരുദ്ധ സമരങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ. അവിടങ്ങളിലെല്ലാം നല്ല പ്രതികരണമാണ് ലഭിച്ചത്. ഒരു വീട് പണിയുമ്പോൾ ഇത്രയധികം കുഴപ്പമുണ്ടാകാറുണ്ടല്ലേ എന്ന് ചോദിച്ചവരുണ്ട്. മുതലമടക്കാരോടും അമ്പിട്ടൻതരി

## ക്രഷർ-ക്വാറി വിരുദ്ധ സമരങ്ങളുടെ സംസ്ഥാന സമിതി രൂപീകരിച്ചു

ക്രഷർ-ക്വാറി വിരുദ്ധ സമരപ്രവർത്തകരുടെ സംസ്ഥാന സംഗമം 2014 ജൂൺ 29ന് തൃശൂർ സാഹിത്യ അക്കാദമിയിൽ വച്ച് നടക്കുകയും ഒരുമിച്ച സമരങ്ങൾക്കായി സംസ്ഥാനതലത്തിൽ ഒരു സമിതി രൂപീകരിക്കുകയും ചെയ്തു. സംസ്ഥാനത്ത് ക്വാറികൾ വ്യാപകമാവുകയും സുപ്രീംകോടതിയുടെയും ദേശീയ ഹരിത ട്രിബ്യൂണലിന്റെയും വിധികൾ നടപ്പിലാക്കുന്നതിൽ തുടർച്ചയായി വീഴ്ചവരുത്തുകയും ചെയ്യുന്ന സാഹചര്യത്തിലാണ് സംസ്ഥാനതലത്തിലുള്ള ഏകോപനങ്ങൾക്കായി സമിതി രൂപീകരിച്ചത്. പാരിസ്ഥിത ആഘാത പഠനം നടത്താത്ത എല്ലാ ക്വാറികളും അടച്ചുപൂട്ടുക, പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ പാറമടകൾ അനുവദിക്കാതിരിക്കുക, സമഗ്ര ഖനന നിയമമുണ്ടാക്കുക, ജനവാസകേന്ദ്രങ്ങളിൽ നിന്നും ജലസ്രോതസ്സുകളിൽ കൃത്യമായ അകലം ക്വാറികൾക്ക് നിഷ്കർഷിക്കുക, കോമ്പൗണ്ടിംഗ് റോയൽറ്റി പേയ്മെന്റ് സംവിധാനം എടുത്തുകളയുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് ഒരുമിച്ച് നീങ്ങാനാണ് തീരുമാനമെടുത്തിട്ടുള്ളത്. അതിന്റെ ഭാഗമായി ആഗസ്റ്റ് 5ന് എല്ലാ ജില്ലാ ജിയോളജി ഓഫീസുകളിലേക്കും മാർച്ച് സംഘടിപ്പിക്കുന്നുണ്ട്. എസ്. ബാബുജി (കൊല്ലം), മാരിയപ്പൻ (പാലക്കാട്), കൃഷ്ണൻ (കാസർഗോഡ്), ഫ്രാൻസിസ് ഞാളിയൻ (എറണാകുളം), ബിജു. വി. ജേക്കബ് (പത്തനംതിട്ട) എന്നിവരടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചു.

ശ്ശുകാരോടും എങ്ങനെയാണ് ഐക്യപ്പെടാൻ കഴിയുന്നത് എന്നന്വേഷിച്ചവരുണ്ട്.

**ക്വാറി സമരങ്ങളുടെ ഏകോപനം**

ക്വാറി വിരുദ്ധ സമരങ്ങളുമായി നിരന്തരം ബന്ധപ്പെട്ടപ്പോഴാണ് സംസ്ഥാനതലത്തിൽ സമരങ്ങളുടെ ഒരു ഏകോപനം വേണ്ടതുണ്ടെന്ന ആവശ്യം എല്ലാവരും പങ്കുവയ്ക്കുന്നതായി മനസ്സിലായത്. കാരണം, സമരം ചെയ്യുന്നവരെല്ലാം ഇന്ന് നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. സമരാവശ്യങ്ങൾ അപൂർവ്വമായി മാത്രമാണ് പരിഗണിക്കപ്പെടാറുള്ളത്. ക്വാറി മുതലാളിമാർക്ക് ഒരു ഏകോപന സമിതിയുണ്ട്. ക്വാറി ഓണേഴ്സ് അസോസിയേഷൻ. അവർ സംഘടിതമായാണ് ഈ സമരങ്ങളെ നേരിടുന്നത്. അതിനുള്ള വിഭവശേഷിയും അവർക്കുണ്ട്. ക്വാറി വിരുദ്ധ സമരം നടത്തുന്നവർക്ക് ആ സമരങ്ങളെക്കുറിച്ച് ഉന്നതതലത്തിൽ നടക്കുന്ന ചർച്ചകളിൽ പലപ്പോഴും പങ്കെടുക്കാൻ അവസരം ലഭിക്കാറില്ല. സർവ്വകക്ഷിയോഗം വിളിക്കുമ്പോൾ സമരത്തെ പ്രതിനിധീകരിക്കുന്നവർ അവഗണിക്കപ്പെടുകയും രാഷ്ട്രീയ പാർട്ടികൾ ഈ സമരങ്ങളുടെ പേരിൽ പങ്കെടുക്കുകയും ചെയ്യുകയാണ് പതിവ്. സമരങ്ങളുടെ ശബ്ദം എത്തേണ്ട ഇടങ്ങളിൽ എത്തിക്കുന്നതിനായി ശക്തമായ ഒരു സംസ്ഥാനതല സംവിധാനം വേണ്ടതുതന്നെയാണ്. നിർമ്മാണ മേഖലയെ ഒന്നാകെ സ്തംഭിപ്പിക്കാൻ ക്വാറി ഓണേഴ്സിന് മാത്രമല്ല, ക്വാറി വിരുദ്ധ സമര പ്രവർത്തകർക്കും കഴിയും. ആ ഉദ്യമം യാഥാർത്ഥ്യമായിരിക്കുകയാണ്. 2014 ജൂൺ 29ന് തൃശൂരിൽ വച്ച് കേരളത്തിലെ വിവിധ ക്വാറി വിരുദ്ധ സമരവേദികൾ സംഗമിക്കുകയും ഒരു പൊതുപ്ലാറ്റ്ഫോം നിർമ്മിച്ചിരിക്കുകയുമാണ്. പരിസ്ഥിതി ആഘാത പഠനം നടത്താത്ത എല്ലാ ക്വാറികളും അടച്ചുപൂട്ടുക, പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ ഖനനം അനുവദിക്കാതിരിക്കുക, കെട്ടിട നിർമ്മാണ നിയന്ത്രണ നിയമം കൊണ്ടുവരുക, സമഗ്ര ഖനന നിയമമുണ്ടാക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് സംയുക്ത സമരം നടത്തുന്നതിനും തീരുമാനമുണ്ടായിട്ടുണ്ട്. പ്രാദേശികമായ പ്രശ്ന പരിഹാരത്തിൽ ഊന്നിനിന്ന സമരങ്ങൾ കുറച്ചുകൂടി വിശാലമായ സമരലക്ഷ്യങ്ങളിലേക്ക് എത്തിയിരിക്കുകയാണ്. ക്വാറികൾ പൊതുമേഖലയിൽ നിലനിർത്തി, പ്രാദേശികമായ മോണിറ്ററിംഗിലൂടെ ഖനനം ചെയ്യേണ്ടിവരുന്ന കാലം അതിവിദൂരമല്ലെന്ന് നിലവിലെ സ്ഥിതി ബോധ്യപ്പെടുത്തുന്നുണ്ട്. ക്വാറികളെ മാത്രമല്ല, കേരളത്തിൽ ക്വാറികൾ കൂടുന്നതിന് കാരണമായിത്തീരുന്ന വികസന പ്രവർത്തനങ്ങളെക്കൂടി പ്രശ്നവത്കരിക്കാൻ സമിതി ശ്രമിക്കുന്നുണ്ട്. വിമാനത്താവളങ്ങൾ മുതൽ കടൽഭിത്തി നിർമ്മാണത്തിന്റെ ഭാഗമായി കടലിൽ കല്ലിടുന്ന പ്രവർത്തനം വരെ അതിൽ ഉൾപ്പെടും. ■


**കേരളീയം വരിസംഖ്യ**
**അയയ്ക്കുമല്ലോ...**

വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ,
സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ.
കൂട്ടായ്മ അംഗത്വം : 10,000 രൂപ.
ആജീവനാന്ത വരിസംഖ്യ
വിദേശത്തേക്ക് : 8000 രൂപ.
ഇന്ത്യയിൽ : 6000 രൂപ.
കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന,പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.
ബന്ധങ്ങൾക്ക് :
**കേരളീയം, കൊക്കാലെ, തൃശൂർ-21**
ഫോൺ : 0487 2421385, 9446586943